## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1958 06/02/2019-ലെ മറുപടി

## പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ | പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |
| എ) പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം എ സംസ്ഥാനത്തിന് ലഭിക്കേണ്ട വെള്ളത്തിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം ഒരു ജലവർഷത്തിൽ മണക്കടവ് വിയറിൽ പ്രളയജലം ഒഴികെ, കേരളത്തിന് 7.25 ടി.എം.സി. ജലമാണ് ലഭിക്കേണ്ടത്. കൂടാതെ കേരള ഷോളയാർ റിസർവോയർ സെപ്റ്റംബർ 1 നും ഫെബ്രുവരി 1 നും സമ്പൂർണ്ണ ജലനിരപ്പിലെത്തിക്കേണ്ടതാണ് ; അതായത് 2663 അടി. ഇതിനു പുറമെ സെപ്റ്റംബർ 2 നും ജനുവരി 31 നും ഇടയിലുള്ള കാലയളവിൽ, കേരള ഷോളയാർ ജലസംഭരണി പൂർണ്ണജലസംഭരണ നിരപ്പിന് 5 അടി താഴെയായി നിർത്തേണ്ടതുണ്ട്. ഒരു ജല വർഷത്തിൽ കേരള ഷോളയാർ പവർഹൗസിൽ 12.3 ടി.എം.സി. ജലം കേരളത്തിന് ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പറമ്പിക്കുളം ഗ്രൂപ്പ് ഓഫ് ഡാമുകളുടേയും ലോവർ നീരാർ ഡാമിന്റെയും തനതു നീരൊഴുക്ക് 16.35 ടി.എം.സി. യിൽ കൂടുതൽ ആവുകയാണെങ്കിൽ 2.5 ടി.എം.സി. വരെ |

ജലം കേരളത്തിന് ചിറ്റൂർ . പുഴയിലേയ്ക്കും ബാക്കി ജലം ചാലക്കുടി പുഴയിലേയ്ക്കും അർഹതപ്പെട്ടതാണ്. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനതു നീരൊഴുക്കും കേരളത്തിന് അ ർഹതപ്പെട്ടതാണ്.

| ചോദ്യം | ഉത്തരം |
| --- | --- |
| ബി)കരാർ പ്രകാരമുള്ള വെള്ളം നൽകുവാൻ തമിഴ്നാട് തയ്യാറാകാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ ; | ബി) മഴ കുറവുള്ള വർഷങ്ങളിൽ, മൊത്തം പദ്ധതിയിൽ ലഭിക്കുന്ന നീരൊഴുക്ക് കുറവായതിനാൽ, ഈ കുറവ് ഇരു സംസ്ഥാനങ്ങളും കൂടി വഹിക്കണം എന്ന വാദത്തിന്റെ അടിസ്ഥാനത്തിലാണ് , തമിഴ്നാട്, കേരളത്തിന് കരാർ അനുസരിച്ചുള്ള ജലം വിവിധ സ്റ്റേഷനുകളിൽ ലഭ്യമാക്കാത്തത്. എന്നാൽ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ മൊത്തം വരുന്ന പ്രളയജലവും , മണക്കടവ് വിയറിൽ ഒരു ജലവർഷത്തിൽ കരാർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള 7 25 TMC വെള്ളവും കേരളത്തിന് നൽകുവാൻ തമിഴ്നാട് ബാദ്ധ്യസ്ഥരാണ്. |
| സി) കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാത്തത് വൈദ്യുതി ഉത്പാദനത്തെയും പല ജില്ലകളിലേയും കൃഷിയേയും ബാധിക്കുമെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ കരാർ പ്രകാരമുള്ള വെള്ളം ലഭിക്കുവാൻ വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | സി) ഉണ്ട്. പറമ്പിക്കുളം - ആളിയാർ പദ്ധതിയിലെ ജലസംഭരണവും വിതരണവും ക്രമീകരിക്കുന്നതിനുള്ള പൂർണ്ണ അധികാരം ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിനാണ്. ഈ ബോർഡിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുന്നെങ്കിൽ, സർക്കാർ |

തലങ്ങളിൽ ഇടപെടൽ നടത്താറുണ്ട്. ഇതനുസരിച്ച് ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിലും , സർക്കാർ തലങ്ങളിലും നടപടികൾ സ്വീകരിക്കാറുണ്ട്. കരാർ പ്രകാരമുള്ള വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എല്ലായ്പ്പോഴും കേരളം സ്വീകരിക്കാറു ണ്ട്. കരാർ പ്രകാരമുള്ള ജലം വിവിധ സ്റ്റേഷനുകളിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അതാത് കാലയളവുകളിൽ, കേരളം, തമിഴ്നാടിന് ഉദ്യോഗസ്ഥതലത്തിലും ഗവൺമെന്റ് തലത്തിലും ക ത്തുകൾ അയയ്ക്കാറുണ്ട്. കൂടാതെ എല്ലാ വർഷവും ജെ.ഡബ്ല്യു. ആർ. ബോർഡ് യോഗങ്ങളിൽ, കേരളം, കരാർ പ്രകാരമുള്ള വെള്ളം ലഭ്യമാക്കാൻ തമിഴ്നാടിനോടാവശ്യപ്പെടാ റുണ്ട്. ഉദ്യോഗസ്ഥതലത്തിൽ തീരുമാനമാകാതെ വരുന്ന ചില സന്ദർഭങ്ങളിൽ ഗവൺമെന്റ് തലത്തിൽ ചർച്ച നടത്തി കരാർ പ്രകാരം കേരളത്തിന് ജലം ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**